കെ.സി ജലീൽ പുളിക്കൽ

# സമര പാതയിൽ തളരാതെ

عَنْ خَبَّابِ بْنِ الأَرَتِّ، قَالَ شَكَوْنَا إِلَى النَّبِيِّ وَهُوَ مُتَوَسِّدٌ بُرْدَةً لَهُ فِي ظِلِّ الْكَعْبَةِ فَقُلْنَا: أَلاَ تَسْتَنْصِرُ لَنَا أَلاَ تَدْعُو اللَّهَ لَنَا. قَالَ: كَانَ الرَّجُلُ فِيمن قَبْلَكُمْ يُحْفَرُ لَهُ فِي الأَرْضِ فَيُجْعَلُ فِيهَا، فَيُجَاءُ بِالْمِنْشَارِ فَيُوضَعُ عَلَى رَأْسِهِ فَيُشَقُّ بِإِثْنَيْنِ وَمَا يَصُدُّهُ ذَلِكَ عَنْ دِينِهِ، وَيُمَشَّطُ بِأَمْشَاطِ الْحَدِيدِ مَا دُونَ لَحْمِهِ مِنْ عَظْمٍ وَعَصَبٍ فَمَا يَصُدُّهُ ذَلِكَ عَنْ دِينِهِ، وَاللَّهِ لَيَتِمَّنَّ هَذَا الأَمْرُ حَتَّى يَسِيرَ الرَّاكِبُ مِنْ صَنْعَاءَ إِلَى حَضْرَمَوْتَ لاَ يَخَافُ إِلاَّ اللَّهَ أَوِ الذِّئْبَ عَلَى غَنَمِهِ، وَلَكِنَّكُمْ تَسْتَعْجِلُونَ (بخاري)

**ഖബ്ബാബുബ്നുഅറത്തിൽനിന്ന്: നബി (സ) ഒരു പുതപ്പ് തലയണയാക്കി വെച്ച് കഅ്ബയുടെ തണലിൽ കിടക്കുകയായിരുന്നു. അപ്പോൾ ഞങ്ങൾ ചെന്ന് അവിടുത്തോട് ആവലാതിപ്പെട്ടു: അങ്ങ് ഞങ്ങൾക്കു വേണ്ടി അല്ലാഹുവിനോട് സഹായം തേടുന്നില്ലേ? ഞങ്ങൾക്കു വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുന്നില്ലേ?" നബി (സ) പ്രതിവചിച്ചു: "നിങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയ ഒരാളെ പിടിച്ചുകൊണ്ടുവന്ന് ഭൂമിയിൽ കുഴിയുണ്ടാക്കി അതിൽ നിർത്തുന്നു. എന്നിട്ട് ഈർച്ചവാൾ കൊണ്ട് അയാളുടെ ശിരസ്സ് രണ്ടായി പിളർക്കുന്നു. എന്നിട്ടും അയാളെ അത് ദീനിൽനിന്ന് പിന്തിരിപ്പിച്ചില്ല. അയാൾ ഇരുമ്പു ചീർപ്പുകൊണ്ട് ചീകപ്പെട്ടിരുന്നു. അത് മാംസത്തിലേക്കിറങ്ങി എല്ലും ഞരമ്പും വരെ എത്തിയിരുന്നു. എന്നാൽ അതൊന്നും അയാളെ തന്റെ ദീനിൽനിന്ന് പിന്തിരിപ്പിച്ചില്ല. അല്ലാഹു തന്നെയാണ, ഈ ദീൻ വിജയിക്കുക തന്നെ ചെയ്യും. എത്രത്തോളമെന്നാൽ സ്വൻആ മുതൽ ഹളറ മൗത് വരെ യാത്ര ചെയ്യുന്ന ഒരാൾക്ക് തന്റെ ആടിനെ ചെന്നായ പിടിക്കുമെന്ന ഭയമൊഴിച്ചാൽ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ഭയപ്പെടേണ്ടിവരില്ല. പക്ഷേ, നിങ്ങൾ ധൃതി കാണിക്കുകയാണ്" (ബുഖാരി).**

## ഹദീസ്

കഅ്ബയോട് ചേർന്നുനിന്ന് അന്ത്യപ്രവാചകൻ മർദിതരോട് പറയുന്ന പ്രതീക്ഷയുടെ വർത്തമാനങ്ങളാണ്. എല്ലാ കാലത്തും പ്രസക്തമാണവ. ഇസ്‌ലാമിനെ ഭീകരമായി ചിത്രീകരിച്ച് അതിന്റെ മറവിൽ ലോകത്തെ ഒന്നടങ്കം കൊലക്കളമാക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പ്രത്യേകിച്ചും.

ഇസ്‌ലാം വിജയം വരിച്ചാൽ അശാന്തിയാണുണ്ടാവുക എന്നു പ്രചരിപ്പിച്ചാണല്ലോ അന്നും ഇന്നും 'ഇസ്‌ലാംപേടി' ഉണ്ടാക്കിയെടുക്കുന്നത്. എന്നാൽ ഈ വചനത്തിന്റെ അവസാന ഭാഗത്ത് ഇസ്‌ലാമിന്റെ വിജയത്തിലൂടെ എന്താണ് സ്ഥാപിതമാവുകയെന്ന് വളരെ വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സഞ്ചരിക്കാൻ കഴിയുന്ന നിർഭയത്വവും സമാധാനവും. ഇത് വെറും വാഗ്ദാനത്തിലൊതുങ്ങിയ ഉട്ടോപ്യൻ തിയറി ആയിരുന്നില്ല. പ്രവാചകന്റെയും സച്ചരിതരായ ഖലീഫമാരുടെയും കാലത്ത് സുരക്ഷിതത്വവും സമാധാനാന്തരീക്ഷവും പുലർന്നിരുന്നുവല്ലോ. മനുഷ്യാടിമത്ത്വത്തിൽനിന്ന് മനുഷ്യരെ മോചിപ്പിച്ച് സ്വതന്ത്രരാക്കി സമത്വസുന്ദര സമാധാന ലോകം സ്ഥാപിച്ചെടുക്കൽ പ്രവാചക നിയോഗത്തിന്റെ ലക്ഷ്യമായിട്ടാണ് അല്ലാഹു വിശേഷിപ്പിച്ചത്. മനുഷ്യമുതുകിനെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരം അവരിൽനിന്ന് ഇറക്കിവെക്കാനും അവരെ വരിഞ്ഞുമുറുക്കിയ കൂറ്റൻ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് സ്വതന്ത്രമാക്കാനുമാണ് ദൈവദൂതൻ നിയോഗിക്കപ്പെടുന്നതെന്ന് ഖുർആൻ പറയുന്നുണ്ട്. മാത്രമല്ല, മനുഷ്യാരംഭം മുതൽ നിയോഗിതരായ പ്രവാചകന്മാരെല്ലാം മനുഷ്യവിമോചനവും സമാധാന ലോകവുമായിരുന്നു ലക്ഷ്യം വെച്ചിരുന്നതെന്നും ഈ തിരുവചനം സൂചിപ്പിക്കുന്നു. 'അല്ലാഹുവിന് വഴിപ്പെടുക, മറ്റു ദുശ്ശക്തികളെ പരിത്യജിക്കുക എന്ന സന്ദേശവുമായി എല്ലാ ജനസമൂഹങ്ങളിലേക്കും നാം ദൂതരെ അയച്ചിട്ടുണ്ട്'എന്ന ഖുർആൻ വചനം ഇക്കാര്യമാണ് വ്യക്തമാക്കുന്നത്.

ഇതിലെവിടെയാണ് ഭീകരത? പിന്നെന്തിനാണ് ഇസ്‌ലാംപേടി? പക്ഷേ ഇതിനെ പേടിക്കുന്ന ചില വിഭാഗങ്ങളുണ്ട്. മനുഷ്യരെ അന്യായമായി അടിമകളാക്കി വെച്ചവർ, മനുഷ്യരെ തമ്മിലടിപ്പിച്ചു ചോരകുടിക്കുന്നവർ, ദുർബലരെ ചൂഷണം ചെയ്ത് സമ്പത്ത് തട്ടിയെടുക്കുന്നവർ, ജനലക്ഷങ്ങളെ കൊന്നൊടുക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവർ, സർവോപരി അധികാരത്തിന്റെ മത്ത് തലയിൽ കയറിയതിനാൽ എന്തിനും മടിയില്ലാത്ത ഏകാധിപതികൾ, ഇവരുടെ പാദസേവകരായ പുരോഹിതന്മാർ ഇപ്പറഞ്ഞ വിഭാഗങ്ങൾ പരസ്പരധാരണയോടെ പ്രവാചകന്മാർക്കും അനുയായികൾക്കുമെതിരിൽ എക്കാലവും രംഗത്തു വന്നിട്ടുണ്ട്. അത്തരം മർദനങ്ങളുടെ ഒന്നുരണ്ട് ഇനങ്ങളാണ് ഈ തിരുവചനത്തിൽ വരച്ചുകാണിച്ചത്. കുഴിയിൽ ബന്ധിതനാക്കിനിർത്തി ജീവനുള്ള പച്ച മനുഷ്യനെ

(ദൈവദൂതനെ) ഈർച്ചവാൾ കൊണ്ട് ഈർന്നെടുത്ത് പിളർത്ത് രണ്ടാക്കുക, ഇരുമ്പിന്റെ വൻ ചീർപ്പുകൊണ്ട് ശരീരത്തിലമർത്തി എല്ലും മാംസവും വേർപ്പെടുംവിധം ശക്തിയായി വാർന്നെടുക്കുക തുടങ്ങി ക്രൂരമായ പീഡനമുറകൾ. ഇത് ഒറ്റപ്പെട്ട സംഭവമല്ല. മറിച്ച് നിരന്തരം തുടർന്നിരുന്നെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്: "എത്രയെത്ര നബിമാർ, നിരവധി ഭക്തന്മാർ അവരോടൊപ്പം യുദ്ധം ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ നേരിടേണ്ടിവന്ന വിപത്തുകൾ കാരണം അവർ മനസ്സ് ഇടിഞ്ഞവരായിട്ടില്ല. അവർ ദൗർബല്യം കാണിച്ചിട്ടുമില്ല. (അസത്യത്തിനു മുമ്പിൽ) തലകുനിച്ചിട്ടുമില്ല. ഇത്തരം സഹനശീലരെ അല്ലാഹു സ്നേഹിക്കുന്നു'' (*ആലുഇംറാൻ* 146).

വലിയ തീക്കുണ്ഡങ്ങളൊരുക്കി വിശ്വാസികളെ കൂട്ടത്തോടെ ചുട്ടെരിക്കുന്ന ഹൃദയഭേദക രംഗങ്ങൾ ഖുർആൻ (*അൽ ബുറൂജ്* അധ്യായം) വിവരിക്കുന്നുണ്ട്.

മക്കയിലെ ഖുറൈശിപ്രമുഖരിൽനിന്ന് കടുത്ത പീഡനങ്ങളനുഭവിക്കുന്ന അടിമകളാണ് പ്രവാചകന്റെ മുമ്പിൽ ആവലാതികളുമായെത്തിയ ഖബ്ബാബും സുഹൃത്തുക്കളും. അവരനുഭവിക്കുന്ന കിരാത മർദനങ്ങൾ എത്ര വലുതാണെങ്കിലും മുൻകാല പ്രവാചകന്മാരും അനുയായികളും സഹിച്ച മർദനങ്ങളോട് താരതമ്യം ചെയ്താൽ ഇതൊക്കെ നിസ്സാരമാണെന്നാണ് ഇവിടെ പ്രവാചകൻ ഓർമിപ്പിക്കുന്നത്.

മർദന പീഡനങ്ങളോടുള്ള പ്രതികരണമെങ്ങനെ? അക്കാര്യവും ഈ ഹദീസ് സൂചിപ്പിക്കുന്നുണ്ട്. സമാനമായ മറ്റ് വചനങ്ങളിൽ ഇത് വ്യക്തമാക്കുന്നുണ്ട്. ഒരു വചനമിതാണ്: ഇബ്നു മസ്ഊദിൽനിന്ന് നിവേദനം: ഒരു പ്രവാചകനെപ്പറ്റി വിവരിക്കുകയായിരുന്ന നബി(സ)യെ ഞാനിപ്പോഴും കാണുന്നപോലെ തോന്നുന്നു. തന്റെ ജനത ആ പ്രവാചകനെ അടിച്ചു രക്തമൊലിപ്പിച്ചു. അപ്പോൾ മുഖത്തെ രക്തം തുടച്ചുകൊണ്ട് അദ്ദേഹം പ്രാർഥിച്ചു: "അല്ലാഹുവേ, എന്റെ ജനതക്ക് നീ പൊറുത്തുകൊടുക്കേണമേ! തീർച്ചയായും അവർ അറിവില്ലാത്തവരാണ്'' (ബുഖാരി, മുസ്‌ലിം).

ത്വാഇഫിലെ ജനത മുഹമ്മദ് നബി(സ)യെ കല്ലെറിഞ്ഞു രക്തമൊലിപ്പിച്ചപ്പോൾ അവിടുന്ന് പ്രാർഥിച്ചതും ഇപ്രകാരം തന്നെ. തങ്ങളുടെ ഇഹപര വിജയത്തിനും വിമോചനത്തിനുമാണ് പ്രവാചകൻ ക്ഷണിക്കുന്നതെന്നറിയാത്ത സാധാരണക്കാരെ ചതിയിൽപെടുത്തുന്നത് മേൽപറഞ്ഞ ഉപരിവർഗങ്ങളാണ്. അതിനാൽ സമാന പ്രതികാരമെന്ന സിദ്ധാന്തം പ്രബോധന ഘട്ടത്തിലോ അല്ലാത്ത ഘട്ടങ്ങളിലോ ഇല്ല. അതുകൊണ്ടുതന്നെയാണ് പ്രവാചകന്മാർ ഗുണകാംക്ഷയോടും വിട്ടുവീഴ്ചയോടും കൂടി മാത്രം ദൗത്യനിർവഹണം നടത്തിയത്. ഭ്രാന്തനെ ചികിത്സിക്കാനെത്തിയ ഡോക്ടർ, ഭ്രാന്തനെപ്പോലെ പ്രതികരിച്ച് അടിപിടിയിലേർപ്പെട്ടാൽ കാഴ്ചക്കാർക്ക് രണ്ട് ഭ്രാന്തന്മാർ അടിപിടികൂടുന്നു എന്നല്ലേ പറയാനാകൂ.

എല്ലാം സഹിച്ച്, പതറാതെ, സർവസ്വവും അല്ലാഹുവിലർപ്പിച്ച്, അക്ഷമരാകാതെ, തളരാതെ, വിവേകത്തോടെ അല്ലാഹുവിന്റെ മാർഗത്തിൽ അധ്വാനിച്ചാൽ ഇരുലോകത്തും വിജയം സുനിശ്ചിതം. ഇതാണ് ഈ വചനം നൽകുന്ന സന്ദേശം. ●